# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5783 02.07.2014-ൽ മറുപടിയ്ക്ക്

## വായ്പാ കുടിശ്ശിക

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എ.കെ .ബാലൻ | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | വിവിധ ധനകാര്യസ്ഥാപനങ്ങളിൽ നിന്നും പട്ടികജാതി വിഭാഗങ്ങൾ എടുത്തിട്ടുള്ള വായ്പാ കുടിശ്ശിക എഴുതിത്തള്ളുന്ന പദ്ധതി പ്രകാരം പരമാവധി എത്ര രൂപയുടെ ആനുകൂല്യമാണ് ഇപ്പോൾ നൽകുന്നതെന്ന് വ്യക്തമാക്കുമോ; | (എ) & (ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യവകുപ്പ്, സഹകരണ സ്ഥാപനങ്ങൾ, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് എന്നിവയിൽ നിന്ന് എടുത്തിട്ടുള്ളതും 31.3.2006-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ 50,000/- രൂപ വരെയുള്ള ബാദ്ധ്യതയാണ് സർക്കാർ ഏറ്റെടുത്ത് എഴുതിത്തള്ളുന്നതിന് 10.12.2013 ലെ സ.ഉ.(അച്ചടി) നം.99/13/പജപവവിവ നമ്പർ പ്രകാരം ഉത്തരവായിട്ടുള്ളത്. ഈ ഉത്തരവു പ്രകാരം ആനുകൂല്യം വിതരണം ചെയ്തതിന്റെ വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |
| (ബി) | ഈ സർക്കാർ വന്നതിന് ശേഷം വർദ്ധിപ്പിച്ച തുകയുടെ ആനുകൂല്യം എന്ന് മുതലാണ് ലഭിക്കുന്നതെന്നും വർദ്ധിപ്പിച്ച തുക പ്രകാരം എത്ര രൂപയുടെ ആനുകൂല്യം ഇതിനകം വിതരണം ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ; തുകയും ആനുകൂല്യം ലഭിച്ചവരുടെ എണ്ണവും ജില്ല തിരിച്ച് വ്യക്തമാക്കുമോ; | | |
| (സി) | ഈ സർക്കാർ വന്നതിന് ശേഷം വർദ്ധിപ്പിച്ച ആനുകൂല്യം ഉൾപ്പെടെ ഈ പദ്ധതിക്കായി 2011-12, 2012-13, 2013-14 വർഷങ്ങളിൽ എത്ര തുക നീക്കി വച്ചുവെന്നും ഇതിനു ഓരോ വർഷവും എത്ര രൂപ ചെലവഴിച്ചുവെന്നും എത്ര പേർക്ക് പദ്ധതിയുടെ ആനുകൂല്യം ലഭിച്ചുവെന്നും വ്യക്തമാക്കുമോ? | (സി) | വിവരം ശേഖരിച്ച് നൽകുന്നതാണ്. |

Reshmi

സെക്ഷൻ ആഫീസർ